ശ്രീ. പി. കുമാരൻ :

,, കെ.പി. പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലാഴി ക്ഷേത്രത്തിൽ അതിന്റെ ഭാരവാഹികൾ ഇപ്പോഴും അയിത്തം ആചരിച്ചുവരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നിയമാനുസരണം അവരുടെമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) പാലാഴി (ശ്രീ. ധർമ്മശാസ്താ ക്ഷേത്രത്തിൽ അതിന്റെ ഭാരവാഹികൾ ഇപ്പോൾ അയിത്തം ആചരിക്കുന്നില്ല.

(ബി) ഉദിക്കുന്നില്ല.

പാൽ വിതരണം

* 13. [13] ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :

,, കെ.എസ് നാരായണൻ നമ്പൂതിരി :

,, കെ.കെ. ശ്രീനിവാസൻ :

,, രാഘവൻ പൊഴക്കടവിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വിവിധ ഡയറികളിൽകൂടി പ്രതിദിനം എത്ര ലിറ്റർ പാൽ വിതരണം നടത്തുന്നുണ്ട് ;

(ബി) ഓരോ ജില്ലയിലും എത്ര ലിറ്റർ പാൽ വീതം ;

(സി) ഈയിടെ അനുഭവപ്പെടുന്ന പാൽ ക്ഷാമത്തിന് കാരണമെന്ത് ;

(ഡി) ഇത് പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് ?

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ.എൽ. ജേക്കബ്) :

(എ) പ്രതിദിനം 1,40,500 ലിറ്റർ പാൽ വിതരണം നടത്തുന്നുണ്ട്.

(ബി)

തിരുവനന്തപുരം	—	44100 ലിറ്റർ
കൊല്ലം	—	8200 ,,
ആലപ്പുഴ	—	9200 ,,
കോട്ടയം	—	7200 ,,
എറണാകുളം	—	41500 ,,
പാലക്കാട്	—	12300 ,,
കണ്ണൂർ	—	18000 ,,

(സി) പഞ്ഞ മാസങ്ങളിലുള്ള പാൽ ഉൽപ്പാദനം ഈ വർഷം കുറവായിരുന്നു.

(ഡി) കർണ്ണാടകത്തിൽ നിന്നും തമിഴ് നാട്ടിൽ നിന്നും പാൽ വരുത്തികൊണ്ടിരിക്കുന്നു.

വിമാനക്കൂലി കുറയ്ക്കാൻ നടപടി

* 14. [14] ശ്രീ. ജി. കാർത്തികേയൻ :

,, കെ.സി. ജോസഫ് :

,, ഉമ്മൻ ചാണ്ടി :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബന്നി ബഹനാൻ :

,, എം.എം. ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ഗൾഫ് സെക്ടറിൽ വിമാനക്കൂലി കുറയ്ക്കുവാനുള്ള തീരുമാനം എയർ ഇൻഡ്യാ പിൻവലിച്ചതായി സംസ്ഥാന ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിവേദനം ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ ;

(ഡി) വിമാനക്കൂലി കുറയ്ക്കുന്നതിന് കേന്ദ്ര ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഇല്ല.

(ബി) ഇതു സംബന്ധിച്ച നിവേദനം ഒന്നും സംസ്ഥാന സർക്കാരിന് കിട്ടിയിട്ടില്ല.

(സി) ചോദ്യം 'ബി' യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) 1984-ൽ, ഗൾഫ് തിരുവനന്തപുരം സെക്ടറിലെ അമിതമായ യാത്രാകൂലി കുറയ്ക്കണമെന്നാവശ്യപ്പെടുന്ന ഒരു പ്രമേയം സംസ്ഥാന നിയമസഭ ഏകകണ്ഠേന പാസ്സാക്കി കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തിരുന്നു. വിവിധ വ്യാവസായിക-വിപണന ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഇൻറർനാഷണൽ എയർ ട്രാൻസ്പോർട്ട് അസോസിയേഷനും ബന്ധപ്പെട്ട രാജ്യങ്ങളിലെ ഗവൺമെൻറുകളും കൂടി ഏകകണ്ഠേന വിമാന യാത്രാകൂലി നിശ്ചയിക്കുന്നതെന്ന് ആകയാൽ എയർ ഇൻഡ്യക്ക് ഏകപക്ഷീയമായി യാത്രാകൂലി കുറയ്ക്കുവാൻ സാദ്ധ്യമല്ല. അതിന് അനുവാദവുമില്ല എന്നും അല്ലാതെ കേന്ദ്ര ടൂറിസവും സിവിൽ ഏവിയേഷനും വകുപ്പുമന്ത്രി സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ വീണ്ടും കേന്ദ്രത്തെ സമീപിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സാമുദായിക സംവരണം

* 15. [15] ശ്രീ. പി.വി. മുഹമ്മദ് :

,, കെ. പി. രാമൻ :

,, ഇ.ടി. മുഹമ്മദ് ബഷീർ :

,, കെ.പി.എ. മജീദ് :

,, പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലേക്കുള്ള ഉദ്യോഗ നിയമനങ്ങളിൽ സാമുദായിക സംവരണം ബാധകമാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ മറ്റു പിന്നോക്ക സമുദായക്കാർക്ക് ഈ ഉത്തരവു പ്രകാരമുള്ള സാമുദായിക സംവരണത്തിന്റെ ആനുകൂല്യം പൊതുമേഖലാ സ്ഥാപനങ്ങളിൽ ലഭിക്കുന്നുണ്ടോ ;

(സി) മറ്റു പിന്നോക്ക സമുദായക്കാർക്ക് ലഭിച്ച പ്രാതിനിധ്യം അവലോകനം ചെയ്യാൻ സെക്രട്ടറിയറ്റിൽ ഒരു റിവ്യൂ കമ്മിറ്റി നിയമിക്കുന്നതാണെന്നുള്ള ഉറപ്പ് നടപ്പിലാക്കിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly